(സി) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സ് പുതുക്കിപ്പണിയുന്നതിനും കൂടുതലായി വികസിപ്പിക്കുന്നതിനും തീരുമാനിച്ചതുകൊണ്ടാണ്. ഇതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് 8-5-2014-ലാണ്.

(ഡി) ഇല്ല.

(ഇ) പ്രസ്തുത ഷോപ്പിംഗ് കോംപ്ലക്സിലെ ഷോപ്പിംഗ് ഏരിയ വികസിപ്പിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്

260 (6965) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് നിലവിൽ വന്നത് ഏത് സർക്കാരിന്റെ കാലയളവിലാണ് എന്ന് വിശദമാക്കാമോ ; സർക്കാർ അന്ന് ചെലവഴിച്ച തുക എത്രയെന്നും ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാം ആയിരുന്നുവെന്നും വിശദമാക്കാമോ ; ഇത് സംബന്ധിച്ച് അക്കാലയളവിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ സർക്കാർ വിഭാവനം ചെയ്ത പദ്ധതികൾ എന്തെല്ലാമായിരുന്നു ; പ്രോജക്ടുകളുടെ പകർപ്പ് ലഭ്യമാക്കി വിശദമാക്കാമോ ;

(സി) ക്രാഫ്റ്റ് വില്ലേജിന്റെ രണ്ടാംഘട്ട വികസനം ലക്ഷ്യമാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടായിരുന്നുവോ ; എങ്കിൽ മാസ്റ്റർ പ്ലാനിന്റെ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ തുടർവികസനത്തിനായി ആവിഷ്കരിച്ച പദ്ധതികളും ചെലവഴിച്ച തുകയും എത്രയെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടേഷനും മറ്റ് നൂതന പദ്ധതികളും ആവിഷ്കരിക്കുന്നത് സംബന്ധിച്ച് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ടൂറിസം സെക്രട്ടറി ഉൾപ്പെടെയുള്ളവർ യോഗം ചേർന്നിട്ടുണ്ടായിരുന്നുവോ ; പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തായിരുന്നു ; മിനിട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) പ്രസ്തുത യോഗത്തിന്റെ ധാരണയനുസരിച്ച് ക്രാഫ്റ്റ് വില്ലേജിൽ മ്യൂസിക്കൽ ഫൗണ്ടേഷൻ സ്ഥാപിക്കുന്നതിനായി സമർപ്പിച്ച പദ്ധതി സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് അംഗീകരിച്ചിരുന്നുവോ ; വിശദമാക്കാമോ ;

(ജി) ഇപ്പോൾ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി വൈകിക്കുന്നതിൽ തടസ്സമെന്താണ് എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) പദ്ധതിക്കായി വരുന്ന ചെലവിൽ ആസ്തി വികസന ഫണ്ടിൽനിന്ന് വകയിരുത്തിയ തുക കിഴിച്ച് ബാക്കിവരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കാൻ തയ്യാറാകുമോ ; പദ്ധതി ഈ വർഷം തന്നെ നടപ്പിലാകുമോ ?

ഉത്തരം

(എ&ബി) കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് നിലവിൽ വന്നത് കഴിഞ്ഞ സർക്കാരിന്റെ കാലയളവിലാണ്. 2006-07 കാലഘട്ടത്തിൽ കേന്ദ്ര ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടുകൂടി 3.97 കോടി രൂപയുടെ 'Development of Craft Village at Iringal' എന്ന പദ്ധതി അനുവദിക്കുകയും M/s KTTCO മുഖാന്തരം പദ്ധതി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 3,76,87,415 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരിന്റെ വിഹിതമായി താഴെപ്പറയുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന പദ്ധതികളായി നടപ്പിലാക്കിയിട്ടുണ്ട്.

1. Construction of additional work at Iringal.
2. Entrance Block.
3. Construction of toilet block, open air theatre, Covered passage walkway.
4. Construction of four stall for Khadi & handicraft.
5. Construction of water tank & lookout tower.
6. Safety arrangement at Iringal.
7. Additional protection work at Iringal.
8. Filling & leveling the yard & construction of drainage between stall and boat jetty.
9. Construction of 15 stalls.
10. Setting up of handicraft taining academy at Art & Craft village at Iringal പ്രോജക്ടുകൾക്ക് അനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പ് അനുബന്ധം I, II, III ആയി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ വികസനത്തിനായി Setting up of a Handicraft training academy at Art & Craft village at Iringal എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. 68,75,000 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(ഇ) ഉണ്ട്. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് അനുബന്ധം IV ആയി ചേർക്കുന്നു.*

(എഫ്-എച്ച്) സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly